നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ബി) മേൽപ്പറഞ്ഞ കാലയളവിൽ കൊട്ടാരക്കര, പത്തനാപുരം എന്നീ താലൂക്കുകളിൽ ഭൂമി പതിച്ചു കൊടുത്തിട്ടില്ല. കുന്നത്തൂർ താലൂക്കിലെ വിവരം താഴെ പറയും പ്രകാരമാണ്.

വില്ലേജ്	പതിച്ചുകിട്ടിയ ആളിന്റെ എണ്ണം	പതിച്ചുകൊടുത്ത ഭൂമി ഏ.	സെ.
ശൂരനാട്ടുവടക്ക്	2	0	29
പടിഞ്ഞാറേകല്ലട	1	0	10
കുന്നത്തൂർ	2	0	89·500
ഏറത്ത്	31	11	57
അഞ്ചാടിക്കൽ	1	2	99
ആകെ	37	15	84·500

ശ്രീ. പി. സി. ആദിച്ചൻ : കൊട്ടാരക്കര പത്തനാപുരം താലൂക്കുകളിൽ പതിച്ചു കൊടുക്കാത്തതു ഭൂമി ഇല്ലാത്തതുകൊണ്ടാണോ, അപേക്ഷകരം ഇല്ലാത്തതുകൊണ്ടാണോ ?

ശ്രീ. ടി. എ. തൊമ്മൻ : അപേക്ഷകരം സംബന്ധിച്ചു തീരുമാനം ചെയ്യാത്തതുകൊണ്ടാണ്.

ശ്രീ. ആർ. സുഗതൻ : നാലു കൊല്ലമായി തോട്ടപ്പള്ളിയിലുള്ള 18 വീട്ടുകാർ തറവില കെട്ടിവച്ചിട്ടും ഇതുവരെ പകൃതികുഴ്പേരിയിൽനിന്നും പട്ടയം കൊടുത്തിട്ടില്ല. അവരോട് കരം ഈടാക്കുന്നുമുണ്ട്. അവർ റവന്യൂ വകുപ്പിലേയ്ക്ക് ഇക്കാര്യത്തിൽ പരാതി അയച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. ടി. എ. തൊമ്മൻ : പ്രത്യേകം ചോദിച്ചാൽ മറുപടി പറയാം. എന്തായാലും അറിഞ്ഞ സ്ഥിതിക്ക് അന്വേഷിക്കാം.

പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കേണ്ട റോഡുകൾ

* 731. [6] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ആക്ടനുസരിച്ചു പൊതുമരാമത്തുവകുപ്പിന്റെ കീഴിലുള്ള ഏതു മൈൽ റോഡുകൾ, പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കേണ്ടതായി വരുന്നുണ്ട് ;

(ബി) ഇപ്രകാരം വിട്ടുകൊടുക്കുന്ന റോഡുകളുടെ മെയിന്റനൻസ് ഇനം പഞ്ചായത്തുവകുപ്പിനു നൽകുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഈ കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) റോഡുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന കാര്യം തീരുമാനിച്ചശേഷം മാത്രമേ ഇതു പരിഗണിക്കാൻ സാധ്യമാകൂ.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : പഞ്ചായത്താക്ട് അനുസരിച്ച് അനേകം മൈൽ റോഡുകൾ പി. ഡബ്ലിയു. ഡി.യിൽ നിന്നും പഞ്ചായത്തുകൾക്ക് വരുന്നുണ്ട്. അങ്ങനെ വരുന്ന റോഡുകളെ സംബന്ധിച്ചിടത്തോളം അതിനു അൻവദിച്ചിട്ടുള്ള മെയിൻറനൻസ് ഗ്രാൻറ് പഞ്ചായത്തിനെ ഏല്പിച്ചില്ലെങ്കിൽ ആ റോഡുകൾ വളരെ അനാഥാവസ്ഥയിലാകും. അങ്ങനെയുള്ള റോഡുകൾക്ക് മെയിൻറനൻസ് ഗ്രാൻറ് അനുവദിച്ചിട്ടുള്ളതു പഞ്ചായത്തുകൾക്ക് കൊടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പഞ്ചായത്തിനു റോഡുകൾ കിട്ടിക്കഴിഞ്ഞതിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുതന്നെ മെയിൻറനൻസ് നടത്തുന്നകാര്യം പരിഗണിക്കാം. പൊതുവിൽ പറഞ്ഞാൽ ആക്ടിൽ അങ്ങനെ വ്യവസ്ഥയുണ്ടെങ്കിലും റോഡുകളൊന്നും പഞ്ചായത്തുകൾക്കു വിട്ടുകൊടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. സി. എ. മാത്യു : പഞ്ചായത്താക്ട് നടപ്പിൽവന്നതിനുശേഷം പി. ഡബ്ലിയു. ഡി. റോഡുകളിൽ മെയിൻറനൻസ് നടത്താൻ തയ്യാറാകുന്നില്ല. അതുകൊണ്ട് പഞ്ചായത്തുകൾക്ക് മെയിൻറനൻസ് ഗ്രാൻറു കൊടുത്തില്ലെങ്കിൽ ഈ റോഡ് ആരും നോക്കാത്ത അവസ്ഥയിലാകും.

ശ്രീ. പി. പി. ഉമ്മർകോയ: പഞ്ചായത്തിൻെറ ചുമതലയിലുള്ള റോഡുകൾ തന്നെ പി. ഡബ്ലിയു. ഡി. ഏറെറടുക്കണമെന്നുള്ള ആവശ്യമാണ് പഞ്ചായത്തിൽനിന്നും ഉയർന്നുവന്നിട്ടുള്ളതു്. അതിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തു റോഡുകൾ പി. ഡബ്ലിയു. ഡി. എടുക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണു്. പഞ്ചായത്താക്ടിൽ വ്യവസ്ഥചെയ്തപ്രകാരം നാഷണൽ ഹൈവേ, പ്രൊവിൻഷ്യൽ ഹൈവേ, മേജർ റോഡുകൾ എന്നിവ ഒഴിച്ചുള്ളതു് പഞ്ചായത്തിൽ നിക്ഷിപ്തമാക്കണമെന്നാണു വച്ചിട്ടുള്ളതു്. അതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടാകുന്നതും, പഞ്ചായത്തിനു് അതു താല്പര്യം ഇല്ലാത്തതും മറെറാരു വിധത്തിലാണു് ചെയ്യപ്പെടുന്നതു്. അതിൽ അവസാന തീരുമാനം എടുക്കാൻ ഇരിക്കുന്നതേയുള്ളൂ.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : മൂന്നും നാലും പഞ്ചായത്തുകൾ ഉൾപ്പെടുത്തിക്കൊണ്ടു് ഇപ്പോൾ രൂപീകരിച്ചിട്ടുള്ള പഞ്ചായത്തുകളിൽപ്പെടുന്ന പ്രധാനപ്പെട്ട റോഡുകൾ ഉള്ളതു് ഉദാഹരണത്തിനു് അങ്ങനെയുള്ള പ്രധാനപ്പെട്ട റോഡുകൾ പാലക്കാടു് ജില്ലയിലുള്ളവ, ഗവണ്മെൻറു് ഏറെറടുക്കണമെന്നു ജില്ലാ വികസന കൗൺസിൽ പ്രമേയം പാസ്സാക്കി അയച്ചിട്ടുള്ളതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : മരാമത്തുവകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഏറെറവും പ്രാധാന്യമുള്ള റോഡുകൾ പഞ്ചായത്തിൽപ്പെട്ടവതന്നെ, അവയുടെ മെയിൻറനൻസു ഗവണ്മെൻറു് ഏറെറടുക്കണമെന്നുള്ളതാണു് ഗവണ്മെൻറിൻെറ നയം. അതു ഏതെല്ലാമാണെന്നു പരിശോധിക്കുന്നതിനു ഡിപ്പാർട്ടുമെൻറു് ചീഫ് എൻജിനീയറോടാവശ്യപ്പെട്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : പഞ്ചായത്തുകൾ ഇല്ലാതിരുന്ന മലബാർ പ്രദേശത്തു പഞ്ചായത്തുകൾ പുതിയതായി കൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾ അതതു പ്രദേശത്തുള്ള റോഡുകൾ ആ പഞ്ചായത്തുകൾ ഏറെറടുക്കണമെന്നുള്ള കൽപനയും കിട്ടിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള റോഡുകൾ ഏറെറടുത്താൽ അവ മെൻറയിൻ ചെയ്യുന്നതിനുള്ള ചെലവു പഞ്ചായത്തുകൾക്കു കൊടുക്കും എന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇന്നത്തെ വ്യവസ്ഥയനുസരിച്ച് പഞ്ചായത്തുകൾക്കു റോഡ് മെയിൻറനൻസിനും മറും ചെറിയ തോതിൽ ഇപ്പോൾ കൊടുക്കുന്ന ഗ്രാൻറു പര്യാപ്തമായിത്തീരുമോ എന്നു സംശയമാണു്. ഏതെല്ലാം റോഡുകളാണു പഞ്ചായത്തിനു കൊടുക്കേണ്ടതു് എന്നുള്ളതെല്ലാം പ്രത്യേകിച്ചു പഞ്ചായത്തുയൂണിയൻ കൗൺസിലുകൾ രൂപീകരിക്കാൻ പോകുന്നതുകൊണ്ടും മറും ഇപ്പോൾ പരിഗണിച്ചുവരികയാണു്. അതിനുമുമ്പു അനുപ്പാറി ഖണ്ഡിതമായി മറുപടി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : അതുവരെ ഈ റോഡുകൾ ഒന്നും സംരക്ഷണം നടത്താതെ നാശമാക്കിക്കളയണമെന്നാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇപ്പോഴത്തന്നെയും ഈ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ മെയിൻറനൻസിനുവേണ്ടി ചെറിയ ഗ്രാൻറു കൊടുക്കുന്നുണ്ട്. അതു പര്യാപ്തമാണോ അപര്യാപ്തമാണോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : പഞ്ചായത്തു ആക്ററു നടപ്പിൽ വന്നതനുസരിച്ചു ഇതേവരെ ഈ മെയിൻറനൻസു ഗ്രാൻറു കൊടുത്തിട്ടില്ല. എന്നാൽ മലബാർ ഡിസ്ട്രിക്ററു ബോർഡിൻറെ കീഴിൽ ധാരാളം സംഖ്യ കെട്ടിക്കിടപ്പുണ്ട്. അതു ഈ ആവശ്യത്തിലേയ്ക്കു വിനിയോഗിക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ ധാരാളം സംഖ്യ കെട്ടിക്കിടപ്പുള്ളതായി അറിവില്ല. അക്കാര്യം ഞാൻ പരിഗണിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എന്തടിസ്ഥാനത്തിലാണ് ഈ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകൾ ഏറെറടുക്കാൻ പോകുന്നത്. രണ്ടു താലൂക്കുകളിലായി കിടക്കുന്നതും മൂന്നോ നാലോ പഞ്ചായത്തുകളിലായി കിടക്കുന്നതുമായ റോഡുകളെ സംബന്ധിച്ചിടത്തോളം അതിൻറെ മെയിൻറനൻസിനോ, അല്ലെങ്കിൽ മറുവിധത്തിൽ നന്നാക്കിത്തീർക്കുന്നതിനോ ? എങ്ങനെയാണെങ്കിലും, കണ്ണൂർ ജില്ലാവികസന കൗൺസിൽ പ്രമേയം പാസ്സാക്കി അയച്ചിട്ടുള്ള ചില പ്രധാന റോഡുകളുടെ കാര്യത്തിൽ ഗവണ്മെൻറു എന്തു നടപടിയാണു സ്വീകരിക്കാൻ പോകുന്നത് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, അതാണല്ലോ ഇവിടെ ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി പറഞ്ഞത് ; അങ്ങനെ പഞ്ചായത്തുകളും തന്നെ ചില റോഡുകളും പി. ഡബ്ലിയു. ഡി. യെ ഏൽപ്പിക്കണം എന്നുള്ള ഒരു ആവശ്യവും പൊങ്ങിവന്നിട്ടുണ്ട് എന്നു്. ഒരു പഞ്ചായത്തിനപ്പുറത്തുള്ള റോഡുകളും എങ്ങനെയാണു് മെയിൻറനൻസു നടത്തേണ്ടതു എന്നുള്ളതിനെപ്പററി എന്തു വ്യവസ്ഥയാണു ചെയ്യേണ്ടതു് എന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിനുമുമ്പു് അതേപ്പററി മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ എൽ. ഡി. വർക്കു് എന്നുള്ള നിലയിൽ ആയിരവും അൻപതിനായിരവും രൂപ ചെലവുചെയ്തു വില്ലേജു് റോഡുകളും നിർമ്മിച്ചിട്ടുണ്ടു്. എന്നാൽ അതിനുശേഷം ആ റോഡുകൾക്കു യാതൊരു സംരക്ഷണവുമില്ല. അതു സർവ്വേചെയ്തു പഞ്ചായത്തിലോ മറു ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളേയോ ഏൽപ്പിച്ചിട്ടില്ല. അങ്ങനെ ലക്ഷക്കണക്കിനു രൂപ ചെലവുചെയ്തുണ്ടാക്കിയിട്ടുള്ള റോഡുകൾ അനാഥമായി പോകുന്നതു തടയാൻ ഗവണ്മെൻറിനു വല്ല നടപടിയുമുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എൽ. ഡി. വർക്കിൽപ്പെട്ട റോഡുകൾ നാട്ടുകാരുടെ സഹകരണത്തോടുകൂടി നിർമ്മിച്ചിട്ടുള്ളവ പഞ്ചായത്തിൽ നിക്ഷിപ്തമാണു്. അവ മെയിൻറയിൻ ചെയ്യാനുള്ള പണം ഗവണ്മെൻറിനു കുറവാണു്. അതിനുള്ള ഒരു തീരുമാനമുണ്ടായാൽ എല്ലാം ശരിയാകും.

ഇലക്ട്രിസിറ്റി ഉൽപ്പാദനം

* 732. [7] ശ്രീ. എൻ. മോസ്ക്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മലമ്പുഴ ഡാമിൽനിന്നുള്ള വെള്ളമുപയോഗിച്ചു് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ ഉള്ള സാദ്ധ്യതയെപ്പററി ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആലോചനയുടെ ഫലമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly